II.ഇ.ബി. XII--കേരള നിയമസഭ/VI- 2

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 5, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9 (*31) ഹവാല ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നടന്ന ഹവാല ഇടപാടുകളെക്കുറിച്ച് അന്വേഷിക്കുവാൻ 13 അംഗങ്ങളുള്ള പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഹവാല കേസുകളും അതുമായി ബന്ധപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങൾ, വ്യാജ കറൻസി നോട്ടുകൾ, ഇക്കാര്യത്തിൽ പോലീസും സർക്കാർ ഉദ്യോഗസ്ഥരും രാഷ്ട്രീയ പ്രവർത്തകരും തമ്മിലുള്ളതായി ആരോപിക്കപ്പെടുന്ന അവിശുദ്ധബന്ധം എന്നിവ അന്വേഷിക്കുക, ഹവാല കേസുകൾ സംബന്ധിച്ച കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുക എന്നീ കാര്യങ്ങളാണ് മേൽപ്പറഞ്ഞ സംഘത്തിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന തലത്തിൽ എറണാകുളം മേഖലാ ഇൻസ്പെക്ടർ ജനറൽ ശ്രീ. വിൻസൻ.എം.പോൾ തലവനായും മലപ്പുറം,

കൊല്ലം ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർ അംഗങ്ങളുമായുള്ള ഒരു പ്രത്യേക ഉന്നതതല അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പോലീസ് ജില്ലാ/സിറ്റി തലത്തിൽ ബന്ധപ്പെട്ട ജില്ലാ/സിറ്റിയിലെ ഡിവൈ.എസ്.പി./അസിസ്റ്റന്റ് കമ്മീഷണർ (ക്രൈം ഡിറ്റാച്ച്മെന്റ്)-ഉം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ചേർന്ന പ്രത്യേക അന്വേഷണ യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്. ഹവാല ഇടപാടുമായി ബന്ധപ്പെട്ട കേസിൽ അറസ്റ്റിലായ കോടാലി ശ്രീധരൻ പോലീസിന് നൽകിയിട്ടുള്ള വിവരങ്ങൾ വസ്തുതാപരമാണോയെന്ന് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുള്ളത്. നിലവിലുള്ള വ്യവസ്ഥാപിതമായ സംവിധാനങ്ങൾക്ക്. വിധേയമായിട്ടല്ല സന്നദ്ധ സംഘടനകൾ വിദേശ രാജ്യങ്ങളിൽ നിന്നും പണം സ്വീകരിക്കുന്നതെങ്കിൽ അതുസംബന്ധിച്ച് പരിശോധിക്കേണ്ടത് കേന്ദ്ര ഏജൻസിയാണ്. സംസ്ഥാന ഗവൺമെന്റിനു കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസിയുമായി ബന്ധപ്പെട്ട് അന്വേഷിക്കുന്നുണ്ട്. ഹവാല ഇടപാടുകളുടെ ഭാഗമായി വ്യാപകമായി കള്ളനോട്ടുകളും വരുന്നുണ്ട്. അതുകൊണ്ട് വിദേശത്തുനിന്നും പണം അയയ്ക്കുന്നവർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് മുന്നറിയിപ്പു നൽകുകയും കള്ളനോട്ട് കണ്ടുപിടിക്കുന്നതിന് ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ സമ്പാദിക്കുന്ന പണം ബാങ്കുകൾ മുഖേനയല്ലാതെ ഏതെങ്കിലും ഏജൻസിവഴി നാട്ടിലെത്തിക്കാൻ സ്വീകരിക്കുന്ന നടപടികളാണ് ദുരുപയോഗപ്പെടുത്തുന്നത്. നിയമാനുസരണം അവരുടെ പണം നാട്ടിലെത്തിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ ഇടപെടൽ

നടത്തുന്നതാണ്. ഹവാല പണവും ഭൂമി മാഫിയകളുമായുള്ള ബന്ധവും ഈ അന്വേഷണപരിധിയിൽ ഉൾപ്പെടുത്തുന്നതാണ്. ഫോറിൻ എക്സ്ചേഞ്ച് റഗുലേഷൻ ആക്ട് (FERA) നിലവിലുണ്ടായിരുന്നപ്പോൾ ഡിവൈ.എസ്.പി. തലത്തിലുള്ള പോലീസ് ഓഫീസർക്ക് ഹവാല കേസിൽ ഇടപെടാനുള്ള അധികാരമുണ്ടായിരുന്നു. എന്നാൽ 1999-ൽ കേന്ദ്ര ഗവൺമെന്റ് ആ നിയമത്തിൽ ഭേദഗതി വരുത്തി ഫോറിൻ എക്സ്ചേഞ്ച് മാനേജുമെന്റ് ആക്ട് (FEMA) കൊണ്ടുവന്നതോടുകൂടി സംസ്ഥാന പോലീസിന് ഈ കേസിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. FERA നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ക്രിമിനൽ പ്രൊസീഡ്യുർ കോഡ് അനുസരിച്ച് തടവുശിക്ഷ നൽകാൻ കഴിയുന്ന ക്രിമിനൽ കുറ്റമായിരുന്നുവെങ്കിൽ FEMA വന്നതോടുകൂടി പിഴ ചുമത്താവുന്ന സിവിൽ കുറ്റങ്ങളായി അതിനെ പരിമിതപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഇവിടെ കുറ്റകൃത്യങ്ങളും ഹവാല ഇടപാടുകളും വർദ്ധിച്ചത് എന്നുള്ളതാണ് സംസ്ഥാന ഇന്റലിജൻസിന്റെ റിപ്പോർട്ട്. ഇക്കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുന്നതാണ്. വിദേശ നിക്ഷേപം ഇന്ത്യയിലേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലൊരു മാറ്റം വരുത്തിയത് എന്നാണ് വ്യക്തമാകുന്നത്.. ഹവാല ഇടപാട് കണ്ടുപിടിക്കുന്നതിനായി ഇന്റലിജൻസ് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ ക്രൈം എ.ഡി.ജി.പി.യും ക്രൈം ബ്രാഞ്ച് ഐ.ജി.യും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും ചേർന്ന് സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെല്ലിന്റെ മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസിയുമായി നിരന്തരമായി

ബന്ധപ്പെടുന്നതിനും ഓരോ മാസവും ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറുടെ ഓഫീസും വെട്ടിക്കുറച്ച സ്റ്റാഫും പുന:സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്. തീരദേശവുമായി ബന്ധപ്പെട്ട് നടക്കുന്ന ഇടപാടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് കേരളത്തിൽ 8 കോസ്റ്റൽ പോലീസ് സ്റ്റേഷൻ തുടങ്ങാനും അതിൽ ആദ്യത്തേത് നീണ്ടകരയിൽ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഹവാല പണം എത്തേണ്ടിടത്ത് എത്താതെ കബളിപ്പിക്കപ്പെടുമ്പോൾ അവിടെ ഗുണ്ടാ ഗാംഗുകളുണ്ടാവുകയും അവർ തമ്മിലുള്ള പരസ്പര സ്പർദ്ധ കൊലപാതകങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് പുറപ്പെടുവിച്ച സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസിൽ ഇക്കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് മലയാള മനോരമയിൽ വന്നിട്ടുള്ള വാർത്തകൾ സ്പെഷ്യൽ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. തളിക്ഷേത്രവുമായി ബന്ധപ്പെട്ടു നടന്ന പ്രശ്നങ്ങളും ഇതിന്റെ അന്വേഷണ പരിധിയിൽ കൊണ്ടുവരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിലും ഇത്തരത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് ആരോപണവിധേയരാകാത്ത ഉദ്യോഗസ്ഥരെ അതിലുൾപ്പെടുത്താൻ പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളിൽ വളരെ കൂടുതലായി പണം വരികയും പെട്ടെന്നു പിൻവലിക്കുകയും ചെയ്യുന്നതു സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ അന്വേഷിക്കുന്നുണ്ട്. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥയനുസരിച്ച്

അനധികൃത ഇടപാടുകൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇടപാടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എല്ലാ ചെക്ക്പോസ്റ്റുകളും കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വാളയാറിൽ ഒരു പരീക്ഷണം നടത്തി വിജയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സത്യസന്ധരായ പോലീസ് ഉദ്യോഗസ്ഥരെ മറ്റ് ചെക്ക്പോസ്റ്റുകളിലും നിയമിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൊണ്ടോട്ടി പ്രശ്നത്തിൽ ബന്ധപ്പെട്ട സി.ഐ., എസ്.ഐ. എന്നിവരേയും സംഭവം യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരേയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും ഹവാല കേസുമായി ബന്ധപ്പെടുന്ന പോലീസുകാരെ കർശനമായ നടപടിക്കു വിധേയമാക്കുമെന്നും ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*32) <u>റോഡുകളുടെ പുനരുദ്ധാരണത്തിന് ആധുനിക സാങ്കേതിക വിദ്യ</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, പഴയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് റോഡുകൾ വളരെവേഗം ശോച്യാവസ്ഥയിലാകുന്നതിന് കാരണമാകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇത് പരിഹരിക്കുവാൻ റോഡുകളുടെ ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. വർദ്ധിച്ചുവരുന്ന വാഹനസാന്ദ്രത താങ്ങാനാകുന്ന വിധത്തിൽ റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ ആലോചിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 'ഡ്രിക്' .ബോർഡിൽ ലഭ്യമാകുന്ന

ആധുനിക സാങ്കേതിക വിദ്യകൾ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. കട്ടികുറഞ്ഞ ഉപരിതലമുള്ള റോഡിൽക്കൂടി ഹെവി വാഹനങ്ങൾ പോകുമ്പോൾ സ്വാഭാവികമായും അവ പൊട്ടിപ്പൊളിഞ്ഞുപോകും. റോഡിന്റെ ഉപരിതലം കട്ടികൂട്ടുന്നതിന് പഞ്ചായത്തുകളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന പ്ലാസ്റ്റിക് പ്രയോജനപ്പെടുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടാവുന്ന സഹായങ്ങൾ സ്വീകരിച്ചും സംസ്ഥാനത്തിന്റെ പരിമിതമായ ഫണ്ട് ഉപയോഗിച്ചും മഴക്കാലം വന്നതിനുശേഷമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്ലാസ്റ്റിക്, റബ്ബറൈസ്ഡ് ബിറ്റുമിൻ, മറ്റു സാങ്കേതിക വിദ്യകൾ ഇവയെല്ലാം പരമാവധി പ്രയോജനപ്പെടുത്തി കേരളത്തിലെ റോഡുകൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെയും strategically important roads എന്ന് 'റൈറ്റ്സ്' റിപ്പോർട്ട് ചെയ്തിട്ടുള്ള റോഡുകളുടേയും മെയിന്റെനൻസ് സംബന്ധിച്ച് വിശദമായി പഠിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

11 (*33) <u>ഇക്കോ ടൂറിസം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിനായി പരിസ്ഥിതിക്കനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളും ഉൽപ്പന്നങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകളും പദ്ധതികളും

തയ്യാറാക്കുകയും അവയ്ക്ക് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ഫെസിലിറ്റേഷൻ സെന്റർ, താമസസൗകര്യം, പഠന വിവർത്തന സെന്ററുകൾ, ട്രെക്കിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ പരിസ്ഥിതി സൗഹാർദ്ദ പരിപാടികൾ ശക്തിപ്പെടുത്തുകയും പരിസ്ഥിതി സാമൂഹിക പ്രത്യാഘാത പഠനങ്ങൾക്കായി പരിശീലന പരിപാടികൾ, ശാസ്ത്രപഠനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്. 2007-2008 സാമ്പത്തിക വർഷം ഇക്കോ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ഗവൺമെന്റ് 300 ലക്ഷം രൂപ വകയിരുത്തുകയും സതേൺ ഇക്കോ ടൂറിസം സർക്യൂട്ടിനായി 581.78 ലക്ഷം രൂപയുടെയും കാസർകോട് ജില്ലയിലെ റാണിപുരം ഇക്കോ ടൂറിസം വികസനത്തിനായി 357.01 ലക്ഷം രൂപയുടെയും കേന്ദ്രസഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം പുതിയ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിക്കുന്നതാണ്. ഇക്കോ ടൂറിസം വികസനത്തിന് അനുയോജ്യമാണെന്നു കണ്ടെത്തിയ വനമേഖലകളിലും മറ്റ് പ്രദേശങ്ങളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കോ ടൂറിസം പദ്ധതികൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മലപ്പുറം മുതൽ കാസർകോട് വരെ വ്യാപിച്ചു കിടക്കുന്ന കണ്ടൽക്കാടുകളേയും പ്രധാന പുഴകളേയും ടൂറിസം സാദ്ധ്യതയുള്ള സമീപ പ്രദേശങ്ങളേയും കൂട്ടിയിണക്കിയുള്ള മലബാർ മാംഗ്രൂവ് ഇക്കോ ടൂറിസം സർക്യൂട്ടിന് വനം വകുപ്പിന്റെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള

പ്രോജക്ട് തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ വയനാട് ജില്ലയിലെ തോൽപ്പെട്ടി, കുറിച്ചിയാട്, കൊല്ലം ജില്ലയിലെ മരുതിമല പ്രദേശങ്ങളിലും കോഴിക്കോട് ജില്ലയിലെ കുളാവിപ്പാലം, കാസർകോട് ജില്ലയിലെ തൈക്കടപ്പുറം എന്നീ ആമ വളർത്തൽ കേന്ദ്രങ്ങളിലും വനം വകുപ്പിന്റെ സഹായത്തോടുകൂടി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. റെസ്പോൺസിബിൾ ടൂറിസം എന്ന നയത്തെ അടിസ്ഥാനപ്പെടുത്തി പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടും പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുമുള്ള പദ്ധതികളാണ് ഇക്കോ ടൂറിസം വഴി പ്രധാനമായും നടപ്പിലാക്കുന്നത്. പാരിസ്ഥിതിക പ്രാധാന്യമുള്ളതും വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതുമായ പ്രദേശങ്ങളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തുകൊണ്ടിരിക്കുന്നത്. ഇനിയും കൂടുതൽ സ്ഥലങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നതാണ്. തദ്ദേശവാസികൾക്ക് ഗുണകരമായ ഒരു വിനോദസഞ്ചാര കേന്ദ്രമായി ഇക്കോ ടൂറിസത്തെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 2001 മുതലാണ് ഈ പദ്ധതി സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കാൻ തുടങ്ങിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭണാനുമതി നൽകിയ 18 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. വാമനാപുരം മണ്ഡലത്തിലെ അരിപ്പ പ്രദേശം ഇക്കോ ടൂറിസത്തിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

12 (*34) തേയിലത്തോട്ടങ്ങൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിച്ചു.

13 (*46) അനധികൃത മദ്യ വ്യാപാരം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അനധികൃത മദ്യവ്യാപാരവും വാറ്റും തടയുന്നതിന് പട്രോളിംഗ് ശക്തമാക്കിയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നറിയിച്ചു. ഇതുകൂടാതെ സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫോറസ്റ്റ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, റെയ്ഡുകൾ തുടങ്ങിയവയും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധന നടത്തിവരുന്നുണ്ട്. സർക്കാരിന്റെ 15-6-07-ലെയും 26-7-07-ലെയും ഉത്തരവുകൾ പ്രകാരം ജനകീയ കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

14 (*47) എക്സൈസ് സേനയുടെ നവീകരണം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ്

വകുപ്പിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നറിയിച്ചു. പുതുതായി 11 എക്സൈസ് റേഞ്ച് ആഫീസുകൾ ആരംഭിക്കുകയും 278 തസ്തികകൾ അനുവദിക്കുകയുമുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി 20 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങി നൽകുകയുണ്ടായി. എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം ലഭ്യമായിട്ടില്ലാതിരുന്ന 1018 എക്സൈസ് ഗാർഡുമാർക്കും 50 പ്രിവന്റീവ് ഓഫീസർമാർക്കും തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ പരിശീലനം നൽകുകയുണ്ടായി. വകുപ്പിന്റെ സ്വന്തമായ സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് പുരോഗമിച്ചുവരുന്നു. അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 3,85,00,000 രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആധുനിക വാർത്താവിനിമയ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഇൻസ്പെക്ടർമാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന് VHF (Very High Frequency) വയർലെസ് സെറ്റുകൾ നൽകുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടന്നുവരുന്നു. സർക്കാരിന്റെ ഐ.ടി. നയത്തിന്റെ ഭാഗമായി ബ്ളോക്കുതല ഓഫീസുകൾക്ക് വയർലെസ് കണക്റ്റിവിറ്റി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വേ

നടത്തി എല്ലാ സർക്കിൾ ഓഫീസുകളിലും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഐ.ടി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എക്സൈസ് വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 218 എക്സൈസ് ഇൻസ്പെക്ടർമാർക്കും 30 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും റിവോൾവർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ പൂർത്തിയായിക്കഴിഞ്ഞു. എക്സൈസ് ആസ്ഥാനമന്ദിരത്തിനായുള്ള തിരുവനന്തപുരത്തെ ഹെഡ്ക്വാർട്ടേഴ്സിന്റെ പണി ധ്രുതഗതിയിൽ നടന്നുവരുന്നു.

15 (*57) <u>കർഷക കടാശ്വാസ കമ്മീഷൻ റിപ്പോർട്ടുകൾ</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള കർഷക കടാശ്വാസ കമ്മീഷൻ ഇതിനോടകം വയനാട്, ഇടുക്കി ജില്ലകളെ സംബന്ധിച്ച രണ്ട് റിപ്പോർട്ടുകൾ (ശുപാർശകൾ) സർക്കാരിന് നൽകിയിട്ടുണ്ടെന്നറിയിച്ചു.

16 (*58) <u>സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പോലീസ് വകുപ്പിൽ തെരഞ്ഞെടുത്ത 33 ഓഫീസർമാർക്ക് സൈബർ ഫോറൻസിക്കിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിലും

Centre for Development of Advanced Computer (CDAC)-ൽ നിന്നുള്ള വിദഗ്ദ്ധരിൽനിന്നും ഇന്റൻസീവ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടെന്നറിയിച്ചു. വിവിധ ജില്ലകളിൽ നിന്നുമുള്ള തെരഞ്ഞെടുത്ത S.I. മുതൽ Dy.S.P. വരെ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ജാഗരൂകരാക്കുകയും അവർക്ക് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിൽ അടിസ്ഥാന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. IGP (HQ) -ന്റെ കീഴിൽ ക്രൈം ബ്രാഞ്ചിനേയും, ജില്ലാ പോലീസ് ഓഫീസുകളേയും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിലും ഡിജിറ്റൽ എവിഡൻസ് ശേഖരണത്തിലും സഹായിക്കുന്നതിനുവേണ്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ഹൈടെക് ക്രൈം ഇൻക്വയറി സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയിൽ ഒരു സൈബർ ഫോറൻസിക് അനാലിസിസ് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

8 (277) <u>ടൂറിസം വകുപ്പിന്റെ ഓണക്കാല പദ്ധതികൾ</u>

ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണാഘോഷപരിപാടികളുടെ ഭാഗമായി സംസ്ഥാനതല ആഘോഷം നടന്ന തിരുവനന്തപുരത്ത് കനകക്കുന്നിലെ വിവിധ വേദികളിൽ കേരളത്തിന്റെ തനത് പാരമ്പര്യ കലകൾ എല്ലാ ദിവസവും അവതരിപ്പിച്ചതുകൂടാതെ സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി ഓണാഘോഷം സംഘടിപ്പിക്കുകയുമുണ്ടായി. ഓണാഘോഷത്തോടനുബന്ധിച്ച് അവതരിപ്പിച്ച കലാരൂപങ്ങളേയും പരിപാടികളേയും സംബന്ധിച്ച വിവരം

ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടർ, കേരളാ ടൂറിസം വെബ്സൈറ്റ് തുടങ്ങിയവ വഴി ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

9 (279 & 283) <u>സംസ്ഥാനത്തെ ടൂറിസം വികസനം</u>

സംസ്ഥാനത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി തിരുനെല്ലി, കൊണ്ടോട്ടി, ഗുരുവായൂർ, കാലടി എന്നീ യാത്രി നിവാസുകളെയാണ് ഇപ്പോൾ കെ.ടി.ഡി.സി.ക്ക് കൈമാറുന്നത്. മൂന്നാറിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രമാക്കി മാറ്റാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്രത്തിന്റെ ധനസഹായത്തോടുകൂടി മൂന്നാർ ടൗണിന്റെ വികസനത്തിനും മൂന്നാർ പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന പുഴ വൃത്തിയാക്കുന്നതിനും തീരങ്ങൾ മോടി പിടിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള 3,98,85,000 രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മാലിന്യ നിർമ്മാർജ്ജനത്തിനായി 46,11,755 രൂപയുടെ പദ്ധതി മൂന്നാർ ഗ്രാമപഞ്ചായത്തുവഴി നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ടൂറിസം പോലീസിനെ വിന്യസിച്ചിട്ടുണ്ട്. പ്രധാന ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ലൈഫ് ഗാർഡുമാരും പ്രവർത്തിക്കുന്നു. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി ടൂറിസം വകുപ്പിന് കീഴിൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ

വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും പരാതികൾ ഉന്നയിക്കുന്നതിനും ടോൾഫ്രീ ടെലിഫോൺ നമ്പരും നിലവിലുണ്ട്.

10 (285) <u>കെ.ടി.ഡി.സി. ബിയർ പാർലറുകൾ</u>

കെ.ടി.ഡി.സി.യുടെ കീഴിൽ നിലവിൽ 25 ബിയർ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. ലാഭകരമായി നടത്തുവാൻ പറ്റുന്ന കേന്ദ്രങ്ങളിൽ പുതിയതായി ബിയർ പാർലറുകൾ തുടങ്ങുവാൻ കെ.ടി.ഡി.സി. ഉദ്ദേശിക്കുന്നുണ്ട്.

11 (332) <u>നെൽ കൃഷി സംരക്ഷിക്കാൻ നടപടി</u>

നെൽകൃഷി സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന കേരളശ്രീ എന്ന സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

തരിശ് ഭൂമി കൃഷി പദ്ധതി

നെൽപ്പാടങ്ങളിൽ മൂന്നാം വിളക്കാലത്ത് അധിക വിള ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

50 ശതമാനം സബ്സിഡി നിരക്കിൽ ആധുനിക കാർഷിക യന്ത്രങ്ങൾ ലഭ്യമാകുന്ന പദ്ധതി

ഉൽപ്പാദന ബോണസ്

ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം

സംയോജിത വളപ്രയോഗം, രോഗകീട നിയന്ത്രണം

പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

വിത്തുൽപ്പാദന പദ്ധതി

നെല്ല് സംഭരണം

പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ നെൽകർഷകർക്ക്
പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി

നെൽ വയൽ സംരക്ഷണത്തിനായി, തരിശുഭൂമി കൃഷി പദ്ധതി നടപ്പാക്കുന്നതോടൊപ്പം നിലവിലുള്ള കെ.എൽ.യു. ഓർഡർ കൂടുതൽ ശക്തിപ്പെടുത്തി നെൽവയൽ സംരക്ഷണ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12 (352) <u>സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള തൊഴിൽരഹിതർ</u>

31.3.2007 വരെ സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള 154464 പേർ സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1.4.2006 മുതൽ 31.3.2007 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 778 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.